പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1062 14/06/2012 ൽ മറുപടിയ്ക്ക്

## മേഞ്ഞാണ്യം വില്ലേജ് ഓഫീസിന് കെട്ടിടം

**ചോദ്യം**

**ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

**ഉത്തരം**

**ശ്രീ. അടൂർ പ്രകാശ്**
**(റവന്യൂ വകുപ്പ്മന്ത്രി)**

(എ) കോഴിക്കോട് ജില്ലയിലെ മേഞ്ഞാണ്യം വില്ലേജ് ഓഫീസ് ഇപ്പോൾ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് വാടകയിനത്തിൽ നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ;

(എ) ഉണ്ട്.

വാടക നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) മേഞ്ഞാണ്യം വില്ലേജ് ഓഫീസിനായി പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായോ എന്ന് വെളിപ്പെടുത്തുമോ; എങ്കിൽ എപ്പോഴാണ് പണി പൂർത്തിയാക്കിയത് എന്ന് അറിയിക്കുമോ;

(ബി) മേഞ്ഞാണ്യം വില്ലേജ് ഓഫീസ് കെട്ടിടനിർമ്മാണം 3/05/2011 ന് പൂർത്തിയായി.

(സി) വാടകക്കെട്ടിടത്തിൽ നിന്ന് പുതിയ കെട്ടിടത്തിലേക്ക് ഓഫീസിന്റെ പ്രവർത്തനം മാറ്റുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ വാടകയിനത്തിൽ ഖജനാവിൽ നിന്നും പണം നഷ്ടപ്പെടുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുമോ ?

(സി) ഇല്ല

പുതിയ വില്ലേജാഫീസ് കെട്ടിടത്തിന്റെ ഉദ്ഘാടനം 30/01/2012-ൽ നടത്താൻ നിശ്ചയിച്ചിരുന്നുവെങ്കിലും ബഹു. കേരള ഗവർണ്ണറുടെ നിര്യാണത്തെ തുടർന്ന് ഉദ്ഘാടനം മാറ്റി വയ്ക്കുകയാണുണ്ടായത്. പുതുക്കിയ തീയതി നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ